(ഡി) 49 വിഷയങ്ങൾക്കുള്ള പരിശീലന പരിപാടികൾ കേരളത്തിലെ വിവിധ ജില്ലകളിലായി നടന്നുവരുന്നു. 29-7-2005-ഓടുകൂടി ഈ പരിശീലനത്തിന്റെ 1-ാം ഘട്ടം പൂർത്തിയാവുന്നതാണ്.

പട്ടിക സമുദായാംഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള ഗ്രാന്റ് വർദ്ധിപ്പിക്കാൻ നടപടി

* 17 [350] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക സമുദായാംഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് സർക്കാർ നൽകുന്ന ഗ്രാന്റ് ഇപ്പോൾ എത്ര രൂപയാണ്; വസ്തു വാങ്ങുന്നതിന് പ്രത്യേകം ഗ്രാന്റ് അനുവദിക്കുന്നുണ്ടോ;

(ബി) സർക്കാരിൽനിന്ന് ലഭിക്കുന്ന തുകകൊണ്ടുമാത്രം വീടുകൾ നിർമ്മിക്കാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് 70,000 രൂപയാണ് ഭവന നിർമ്മാണ ഗ്രാന്റായി അനുവദിക്കുന്നത്. ദുർഘടപ്രദേശങ്ങളിൽ പട്ടിക വർഗ്ഗക്കാർക്ക് 75,000 രൂപയാണ് നൽകുന്നത്. വസ്തു വാങ്ങുന്നതിനായി പട്ടികജാതിക്കാർക്ക് പഞ്ചായത്ത് പ്രദേശങ്ങളിൽ 19,500 രൂപയും മുനിസിപ്പൽ പ്രദേശത്ത് 20,000 രൂപയും കോർപ്പറേഷനിൽ 25,000 രൂപയും ഗ്രാന്റായി നൽകിവരുന്നു. പട്ടികവർഗ്ഗക്കാർക്ക് വസ്തു വാങ്ങുന്നതിന് ഗ്രാന്റ് നൽകുന്നില്ല. എന്നാൽ ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭൂമി നൽകുന്നതിനുള്ള പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) 2003-ലാണ് ധനസഹായം വർദ്ധിപ്പിച്ചത്. ഇപ്പോൾ ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

മേഖലാ ആഫീസുകളിലെ ഡയറക്ടർമാരുടെ അധികാരങ്ങളും ചുമതലകളും

* 18 [351] ശ്രീ. നാലകത്ത് സൂപ്പി:
,, പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ്:
,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന്റെ മേഖലാ ആഫീസുകൾ തുറന്നിട്ടുണ്ടെങ്കിലും അവ പ്രവർത്തനമാരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേഖലാ ആഫീസുകളിലെ ഡയറക്ടർമാരുടെ അധികാരങ്ങളും ചുമതലകളും വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും അവ പ്രാബല്യത്തിൽ വരാത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മേഖലാപരിധിയിലെ അദ്ധ്യാപക നിയമനം, സ്ഥലംമാറ്റം തുടങ്ങിയ നടപടികളുടെ ചുമതലകൾ റീജിയണൽ ഡയറക്ടർമാർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്പോൾ മേഖലാ ഡയറക്ടർമാർക്ക് നൽകിയിട്ടുള്ള ചുമതലകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) പൂർണ്ണമായ തോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മേഖലാ ആഫീസുകളിലെ ഡയറക്ടർമാരുടെ അധികാരങ്ങൾ നിർണ്ണയിച്ച് അവ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) എയ്ഡഡ് ഹയർസെക്കണ്ടറി അദ്ധ്യാപക നിയമനം, സ്ഥലം മാറ്റം തുടങ്ങിയ നടപടികളുടെ ചുമതല നൽകിയിട്ടുണ്ട്. എന്നാൽ ഗവൺമെൻറ് ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപക നിയമനം, സ്ഥലംമാറ്റം എന്നിവ സംസ്ഥാന തലത്തിൽ ആയതിനാൽ അതിന്റെ ചുമതല നൽകിയിട്ടില്ല.

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ബി. ഒ. റ്റി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന റോഡുകളിൽ ടോൾ പിരിവ്

* 19 [352] ശ്രീ. ഉമേഷ് ചള്ളിയിൽ:

,, എ. എൻ. രാജൻബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി ബി. ഒ. റ്റി. അടിസ്ഥാനത്തിൽ റോഡുകൾ നിർമ്മിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ റോഡുകളാണ് ഇങ്ങനെ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇങ്ങനെ നിർമ്മിക്കുന്ന റോഡുകളിലൂടെ സഞ്ചരിക്കുന്നതിന് ടോൾ പിരിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ നിരക്ക്, കാലാവധി എന്നിവ വെളിപ്പെടുത്തുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

† ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly